**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5431** **05-07-2024 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. ടിക്കറ്റ് മെഷീൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. എം. വിൻസെന്റ് | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. പുതിയ ടിക്കറ്റ് മെഷീനുകൾ വാങ്ങുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഒരു മെഷീന്റെ വില എത്രയാണ് ; എത്ര മെഷീനുകൾ വാങ്ങാനാണ് ഉദ്ദേശിക്കുന്നത്; ഏത് കമ്പനിയിൽ നിന്നാണ് മെഷീനുകൾ വാങ്ങാൻ ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി. ETM (Electronic Ticketing Machine) മെഷീനുകൾ മാത്രമായി വാങ്ങുവാൻ തീരുമാനിച്ചിട്ടില്ല. എന്നാൽ NCMC (National Common Mobility Card) / Closed Loop Card ഉപയോഗിക്കാൻ സാധിക്കുന്ന തരത്തിലുള്ള ഡിജിറ്റൽ ടിക്കറ്റിങ് സൊല്യൂഷൻ ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്.<br><br>M/s. Chalo Mobility Pvt. Ltd. എന്ന കമ്പനിക്ക് ഒരു പാസഞ്ചറിന് 13.7 പൈസ + GST ആണ് കെ.എസ്.ആർ.ടി.സി. നൽകേണ്ടത്. |
| (ബി) | പണം നൽകി മെഷീനുകൾ വാങ്ങുന്നതിന് പകരം ഓരോ ടിക്കറ്റിനും നിശ്ചിത തുക കമ്പനിക്ക് നൽകുന്ന രീതിയിലുള്ള വ്യവസ്ഥയാണോ മുന്നോട്ടു വച്ചിട്ടുള്ളത്; എങ്കിൽ ഒരു ടിക്കറ്റിന് എത്ര രൂപയാണ് നൽകേണ്ടത്; ഇപ്രകാരമുള്ള വ്യവസ്ഥ അംഗീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | പ്രസ്തുത കമ്പനിക്ക് ഒരു പാസഞ്ചറിന് 13.7 പൈസ + GST ആണ് കെ.എസ്.ആർ.ടി.സി. നൽകേണ്ടത്. എല്ലാത്തരം കൺസഷൻ യാത്രക്കാരെയും ലഗേജ് ടിക്കറ്റ് ബില്ലിംഗ്ഗ് നിന്നും ഒഴിവാക്കിയിട്ടുണ്ട്. |
| (സി) | ഇക്കാര്യത്തിൽ കമ്പനിയുമായി കരാർ ഒപ്പിട്ടിട്ടുണ്ടോ; എങ്കിൽ കരാറിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (സി) | കരാർ ഒപ്പിട്ടിട്ടില്ല. കരാറിൽ ഏർപ്പെടുന്ന നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ഡി) | ഓരോ ദിവസവും ശരാശരി എത്ര യാത്രക്കാരാണ് കെ.എസ്.ആർ.ടി.സി.യിൽ യാത്ര ചെയ്യുന്നത്; ഓരോ ടിക്കറ്റിനും പണം നൽകിക്കൊണ്ടുള്ള കരാർ അംഗീകരിച്ചാൽ ദിവസം ശരാശരി എത്ര തുക കമ്പനിക്ക് നൽകേണ്ടതായി വരും; ഒരു വർഷം ശരാശരി എത്ര തുക നൽകേണ്ടതായി വരും; വ്യക്തമാക്കുമോ; | (ഡി) | മെയ് 2024 മാസത്തെ കണക്ക് പ്രകാരം കെ.എസ്.ആർ.ടി.സി.യിൽ ശരാശരി 18,93,594/- യാത്രക്കാരാണ് ഒരു ദിവസം യാത്ര ചെയ്യുന്നത്. ഏകദേശം 3 ലക്ഷം രൂപ ഒരു ദിവസവും ഏകദേശം 10.95 കോടി ഒരു വർഷം നൽകേണ്ടതായി വരും. |
| (ഇ) | 2022-ൽ പഴയ കരാർ പ്രകാരം ടിക്കറ്റ് മെഷീനുകൾ വാങ്ങിയപ്പോൾ ആകെ ചെലവായ തുക എത്രയാണെന്ന് വ്യക്തമാക്കുമോ? | (ഇ) | 30.06.2021-ലെ വിതരണ ഉത്തരവ് പ്രകാരം 5500 എണ്ണം ടിക്കറ്റ് മെഷീനുകൾ വാങ്ങിയതിനു ആകെ 5,07,84,250/- രൂപ ചെലവായി. |

സെക്ഷൻ ഓഫീസർ